(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) 2008-ലെ കേന്ദ്ര ഐ.ടി. ഭേദഗതി ആക്ട് പ്രകാരം സംസ്ഥാനം പുറപ്പെടുവിച്ച ചട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്. 21-8-2008-ലെ ജി.ഒ.(പി) നമ്പർ.32/2008/ഐ.ടി.ഡി. പ്രകാരം SRO നമ്പർ915/2008 നോട്ടിഫിക്കേഷനായി 3-9-2008-ൽ അസാധാരണ ഗസറ്റ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) 2000-ലെ കേന്ദ്ര ഐ.ടി.ആക്ടിന്റെ സെക്ഷൻ 90 അനുസരിച്ചാണ് ഐ.ടി. (സൈബർ കഫേ നിയന്ത്രണങ്ങൾ) കേരള റൂൾസ് 2007 പുറപ്പെടുവിച്ചിരുന്നത്. എന്നാൽ ഐ.ടി. ആക്ടിന്റെ സെക്ഷൻ 90, പ്രസ്തുത ആക്ടിന്റെ പ്രൊവിഷനുകൾ നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം മാത്രമേ സംസ്ഥാന സർക്കാരുകൾക്ക് നൽകിയിട്ടുള്ളുവെന്നും, സൈബർ കഫേ സംബന്ധിച്ചുള്ള പ്രൊവിഷനുകളൊന്നും ഈ ആക്ടിൽ ഇല്ലാത്തതിനാൽ സെക്ഷൻ 90 ഇൻവോക്ക് ചെയ്ത് സൈബർ കഫേ നിയന്ത്രണങ്ങൾക്കുള്ള നിയമം നിർമ്മിക്കുന്നത് ഉചിതമല്ലെന്നും കേന്ദ്ര സർക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ചട്ടം റദ്ദാക്കിയത്.

(സി & ഡി) 2008-ലെ കേന്ദ്ര ഐ.ടി. ഭേദഗതി ആക്ട് പ്രകാരം പുതുക്കിയ ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

റോഡുകളുടെ അലൈൻമെന്റ് നടക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

17 (*467) ശ്രീ. സി. എം. ദിനേശ്മണി :
ശ്രീ. സാജു പോൾ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ അലൈൻമെന്റ് ചെയ്യാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡുകളുടെ ബലപ്പെടുത്തൽ ശാസ്ത്രീയമായി ആവിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ദേശീയ-സംസ്ഥാന റോഡുകൾ, മേജർ ഇന്റർ ഡിസ്ട്രിക്ട് റോഡുകൾ, വില്ലേജ് റോഡുകൾ മുതലായ വിവിധ വിഭാഗം റോഡുകൾക്ക് വ്യത്യസ്ത മാനദണ്ഡങ്ങൾ തയ്യാറാക്കാനും ഇവ പാലിച്ചു മാത്രം തുടർന്ന് പ്രസ്തുത റോഡുകളിൽ വിപുലീകരണ പ്രവർത്തനങ്ങൾ നടത്താനും തയ്യാറാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭാരവണ്ടികളുടെ ബാഹുല്യം പരിഗണിച്ച് റോഡുകളുടെ ഉപരിതലത്തിന്റെ ഘനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) റോഡുകൾ പുനരുദ്ധരിക്കുമ്പോൾ വീതി കൂട്ടുവാൻ പ്രതിഫലം വാങ്ങാതെ സ്ഥലം വിട്ടുനൽകുന്നവർക്ക് മതിലുകൾ പുനഃസ്ഥാപിക്കുവാനുള്ള തുക നൽകുമോ ;

(എഫ്) റോഡുകളിൽ നിന്നുള്ള ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നിലനിർത്തുവാൻ നിയമവ്യവസ്ഥ കൊണ്ടുവരുമോ എന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുവരികയാണ്.

(സി) ദേശീയ സംസ്ഥാന റോഡുകൾ, മേജർ ഇന്റർ ഡിസ്ട്രിക്ട് റോഡുകൾ എന്നിവയുടെ വിപുലീകരണ പ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഇവ പരമാവധി പാലിച്ചാണ് പ്രസ്തുത റോഡുകളുടെ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

(ഡി) റോഡുകളുടെ ഉപരിതലം ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ് എന്ന മിശ്രിതം ഉപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവൃത്തികൾ ഘട്ടംഘട്ടമായി ഏറ്റെടുത്തു ചെയ്തുവരുന്നു.

(ഇ) പരിഗണിക്കാവുന്നതാണ്.

(എഫ്) പരിഗണിക്കാവുന്നതാണ്.

റോഡുകൾ ദേശീയപാതയാക്കുന്നത് സംബന്ധിച്ച്

18 (*468) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് പുതിയ ദേശീയപാതകൾ പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ നിന്നും ഏതെങ്കിലും റോഡുകൾ ദേശീയപാതയാക്കണമെന്ന് സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പാതകൾ എൻ.എച്ച്. ആക്കണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കോഴിക്കോട്-ചെറുപ്പ-നിലമ്പൂർ-ഗൂഡല്ലൂർ റോഡ് നാഷണൽ ഹൈവേയാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly